# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - കൊല്ലം സ്വദേശി വിസ്മയ ലക്ഷ്മി എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

**പരാമർശം:-** 1) കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ: ഡി.സി.പി.യു/കെ.എൽ.എം/ഡി1/BN07/21 തീയതി 18.03.2021.

==========================================================================

**ഉത്തരവ് നമ്പർ: ICPS-4(A)/1231/2021 തീയതി:16.04.2021**

==========================================================================

കൊല്ലം ജില്ലയിൽ ഇട്ടിവ പഞ്ചായത്തിൽ തെങ്ങുവിള പുത്തൻവീട്ടിൽ ശ്രീ.സുനിൽ കുമാർ ന്റെയും ശ്രീമതി. ശെൽവി എന്നീ ദമ്പതികളുടെ മകളായ വിസ്മയ ലക്ഷ്മി എന്ന കുട്ടിയുടെ മാതാപിതാകള് കുട്ടിയേയും കുടുംബത്തെയും ഉപേക്ഷിച്ച് പോയിട്ടുള്ളതായും,സ്വന്തമായി വീടോ,വസ്തുവോ ഇല്ലാത്ത കുടുംബം സാമ്പത്തികമായി ശോചനീയാവസ്ഥയിൽ ആണെന്നും കുട്ടിയുടെ സംരക്ഷണം ഏറ്റെടുക്കാൻ ആരും ഇല്ലാത്ത സാഹചര്യത്തിൽ കാഞ്ഞിരംകോട് സെന്റ് മാർഗ്രറ്റ് ബാലിക സദനം എന്ന സ്ഥാപനത്തിന്റെ സംരക്ഷണയിൽ കഴിഞ്ഞുവരുകയും,കുട്ടിക്ക് അടിയന്തിരമായി അപ്പന്റൈറ്റിസ് ഓപ്പറേഷൻ നടത്തേണ്ടി വരുകയും,കൊറോണ സാഹചര്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ അടിയന്തിര ഓപ്പറേഷൻ സാധ്യമല്ലാത്തതിനാൽ കൊല്ലത്തുള്ള Loka Rakshaka ആശുപത്രിയിൽ അടിയന്തിര ചികിത്സ നൽകുകയും,കുട്ടിയുടെ ഓപ്പറേഷനും, മരുന്നിനും, തുടർചികിൽസയ്ക്കും കൂടി ചേർത്ത് ആകെ 52,968/- രൂപ അനുവദിച്ച് നൽകണമെന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ ഇട്ടിവ പഞ്ചായത്തിൽ തെങ്ങുവിള പുത്തൻവീട്ടിൽ ശ്രീ.സുനിൽ കുമാർ ശ്രീമതി. ശെൽവി എന്നീ ദമ്പതികളുടെ മകളായ വിസ്മയ ലക്ഷ്മി യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ ധനസഹായമായി നിലവിൽ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ

ആകെ 52,968/- രൂപ (അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി എട്ട് രൂപ മാത്രം) ജെ.ജെ.ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുകയായ 52,968/- രൂപ **(അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി എട്ട് രൂപ മാത്രം)** കൊല്ലം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
***വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &***
***മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)***

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**കൊല്ലം**

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, കൊല്ലം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT